**ഇതുവരെ പഠിച്ചത് പുനഃപരിശോധന നടത്തുക:**

**<u>വ്യാകരണം:</u>** <u>(പുതിയ അധ്യായം):</u>

| കൂടെ, കൊണ്ട് **بِ** | ഇൽ **في** | മേൽ, മുകളിൽ **على** | -യിലേക്ക്, വരെ, ന്ന് **إلى** |
|---|---|---|---|
| بِهِ | فيه | عليه | إليه |
| بِهِم | فيهم | عليهم | إليهم |
| بِكَ | فيكَ | عليكَ | إليكَ |
| بِكُم | فيكُم | عليكُم | إليكُم |
| ـِي | في | عليَّ | إليَّ |
| بِنا | فينا | علينا | إلينا |
| بِها | فيها | عليها | إليها |

**ഗതിയുടെ അർത്ഥം ഓർമ്മിക്കുവാനുള്ള ഉദാഹരണ വാചകങ്ങൾ**

**بِ: بِسمِ الله**

**في: في سبيلِ الله**

**على: السلام عليكُم**

**إلى: إنا لِلهِ وإنا إليه راجِعون**

ക്രിയയുടേയോ ക്രിയാനാമത്തിൻേറയോ കൂടെ ഗതി വരുമ്പോൾ അതിന്റെ അർത്ഥം കൂടെ വരുന്ന ക്രിയക്കും ഭാഷക്കുമനുസരിച്ച് മാറുന്നു.

ഇവിടേയും TPI ഉപയോഗിക്കുക

- ഗതി ആവശ്യമായ സന്ദർഭം

ഒരു ഭാഷയിൽ ക്രിയയുടെ ഉപയോഗമനുസരിച്ച് ഗതി ആവശ്യമായോ അല്ലാതെയോ വരാം.

ഉദാ:- ഞാൻ അവനോടു പറഞ്ഞു. ഞാൻ കഥ പറഞ്ഞു.

- ഗതി ആവശ്യമായ സന്ദർഭം:

| | |
|---|---|
| അവർ അല്ലാഹുവിൻെറ ദീനിൽ പ്രവേശിക്കുന്നു | **يدخلُونَ في دينِ اللهِ** |
| എന്നോടു പൊറുക്കേണമേ! | **اغْفِرلي** |

- ഗതി അറബിയിൽ ആവശ്യമില്ലാത്ത സന്ദർഭം. എന്നാൽ മലയാളത്തിൽ ആവശ്യവുമാണ്.

| | |
|---|---|
| ഞാൻ അല്ലാഹുവിനോട് പാപമോചനത്തിന്നായി അപേക്ഷിക്കുന്നു | **أستغفر الله** |
| എന്നോടു കരുണ കാണിക്കേണമേ! | **وارحمنِي** |

1. പറയുക: അവൻ, അല്ലാഹു, ഏകനാകുന്നു.
2. അല്ലാഹു അനാശ്രയ നാണ്. (ആരെയും ആശ്രയിക്കാത്തവനും ഏവരാലും ആശ്രയിക്ക പ്പെടുന്നവനും)
3. അവൻ ജനിപ്പിച്ചിട്ടില്ല. അവൻ (സന്താനമായി) ജനിച്ചിട്ടുമില്ല.
4. അവനു തുല്യനായി ആരും ഇല്ല.

| *********** ****بِسم اللهِ الرحمٰنِ الرحيم : سورة الإخلاص ***** *********** | | | | |
|---|---|---|---|---|
| اللهُ | أحد ﴿1﴾ | اللهُ | هو | قُلْ |
| അല്ലാഹു | ഏകനാകുന്നു | അല്ലാഹു | അവൻ | പറയുക |
| ولم يولد ﴿3﴾ | لم يلد | | الصمد ﴿2﴾ | |
| അവൻ ജനിച്ചിട്ടുമില്ല | അവൻ ജനിപ്പിച്ചിട്ടില്ല | | അനാശ്രയനാണ് | |
| أحد ﴿4﴾ | كُفُوا | له | و لم يكُن | |
| ആരും (ഒരാളും) | തുല്യനായി | അവന് | ഇല്ല | |

## വ്യാകരണം:

1. فَعَلَ (അവൻ പ്രവർത്തിച്ചു) എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ വലതുഭാഗത്തിരിക്കുന്നയാളുടെ നേരെ ചൂണ്ടുക. فَعَلُوا എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക. ക്ലാസിൽ അധ്യാപകനും വിദ്യാർത്ഥികളും ഒരുമിച്ച് ഇപ്രകാരം അഭ്യസിക്കുക.

2. فَعَلْتَ (നീ പ്രവർത്തിച്ചു) എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ മുൻഭാഗത്തിരിക്കുന്നയാളുടെ നേരെ ചൂണ്ടുക. فَعَلْتُم (നിങ്ങൾ പ്രവർത്തിച്ചു) എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക. ക്ലാസിൽ അധ്യാപകൻ വിദ്യാർത്ഥികളുടെ നേരെയും വിദ്യാർത്ഥികൾ അധ്യാപകൻെറ നേരെയും വിരൽ ചൂണ്ടണം..

3. فَعَلْتُ എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ നിങ്ങളുടെ നേരെ ചൂണ്ടണം. فَعَلْنَا എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക.

| ഭൂതകാലം | فعل ماضي | പുരുഷൻ |
|---|---|---|
| അവൻ പ്രവർത്തിച്ചു | فَعَلَ | 3rd |
| അവർ പ്രവർത്തിച്ചു | فَعَلُوا | |
| നീ പ്രവർത്തിച്ചു | فَعَلْتَ | 2nd |
| നിങ്ങൾ പ്രവർത്തിച്ചു | فَعَلْتُم | |
| ഞാൻ പ്രവർത്തിച്ചു | فَعَلْتُ | 1st |
| ഞങ്ങൾ പ്രവർത്തിച്ചു | فَعَلْنَا | |

## പഠനക്കുറിപ്പുകൾ: